**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അവിവാഹതിനായ പെൻഷണർ ശ്രീ. ഗോവിന്ദരാജന്റെ ആശ്രിതയായ മാനസിക വെല്ലുവിളി നേരിടുന്ന സഹോദരി ശ്രീമതി. പാർവ്വതി.എസ്-ന, പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. ഗോവിന്ദരാജന്റെ മരണശേഷം ടിയാന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.162/2025/ധന** **തീയതി, തിരുവനന്തപുരം, 19-12-2025**

---

പരാമർശം:- ശ്രീ. ഗോവിന്ദരാജൻ സമർപ്പിച്ചിരിക്കുന്ന 22.05.2025-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

അവിവാഹതിനായ പെൻഷണർ ശ്രീ. ഗോവിന്ദരാജൻ.വി ടിയാനെ മാത്രം ആശ്രയിച്ച് കഴിയുന്ന സ്വന്തം സഹോദരിയായ, മാനസിക വെല്ലുവിളി നേരിടുന്ന ശ്രീമതി. പാർവ്വതി.എസ്-ന കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് പലപ്പോഴായി നൽകിയ അപേക്ഷകളിന്മേൽ "കെ.എസ്.ആർ ഭാഗം III ചട്ടം 90(6) പ്രകാരം കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച 'കുടുംബം' എന്ന നിർവ്വചനത്തിൽ സഹോദരി ഉൾപ്പെടാത്തതിനാൽ, സഹോദരിക്ക് കുടുംബ പെൻഷൻ അനുവദിക്കണമെന്ന ശ്രീ. ഗോവിന്ദരാജന്റെ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല" എന്ന് പരാതിക്കാരനെ അറിയിച്ചിരുന്നു. ഇതേ ആവശ്യവുമായി ശ്രീ. ഗോവിന്ദരാജൻ പരാമർശം പ്രകാരം സമർപ്പിച്ച അപേക്ഷ ചട്ട പ്രകാരം അനുവദനീയമല്ലാത്തതിനാൽ ടി വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

2) കെ.എസ്.ആർ ഭാഗം III ചട്ടം 90 (6)-ൽ കുടുംബ പെൻഷന് അർഹതയുള്ള കടംബാംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കിയിരിക്കുന്നുവെന്നും കെ.എസ്.ആർ ഭാഗം III ചട്ടം 90(6)-ലെ 'കുടുംബം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ അവിവാഹിതയായ സഹോദരി ഉൾപ്പെടുന്നില്ലായെന്നും കെ.എസ്.ആർ ഭാഗം I ചട്ടം 7 പ്രകാരം കെ.എസ്.ആർ-ന കീഴിലുള്ള ഏതെങ്കിലും ചട്ടത്തിന്റെ പ്രയോഗം ഏതെങ്കിലും പ്രത്യേക കേസിൽ അനാവശ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ, പ്രത്യേക കേസായി പരിഗണിച്ച് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന് ഇളവ് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

3) ശ്രീ. ഗോവിന്ദരാജന്റെ മരണശേഷം കുടുംബ പെൻഷൻ ലഭിക്കുന്നതിന് ടിയാനെ മാത്രം ആശ്രയിച്ച കഴിയുന്ന, മാനസിക വെല്ലുവിളി നേരിടുന്ന, അവിവാഹിതയും തൊഴിൽ രഹിതയും സഹോദരിയുമായ ശ്രീമതി. പാർവ്വതി എസ്.-നെ, കെ.എസ്.ആർ ഭാഗം I ചട്ടം 7

അനുസരിച്ച് ചട്ടങ്ങളിൽ ഇളവ് നൽകി നോമിനിയാക്കി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം പ്രകാരം ശ്രീ. ഗോവിന്ദരാജൻ സമർപ്പിച്ച അപേക്ഷയിൽ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ഗോവിന്ദരാജൻ.വി അവിവാഹിതനും കെ.എസ്.ആർ ഭാഗം III ചട്ടം 90 (6)-ൽ കുടുംബ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ട അനന്തരാവകാശികൾ ആരും തന്നെയില്ലാത്തയാളാണെന്നും ടിയാന്റെ സഹോദരി ശ്രീമതി. പാർവ്വതി.എസ് ടിയാനെ മാത്രം ആശ്രയിച്ച് കഴിയുന്ന മാനസിക വെല്ലുവിളി നേരിടുന്ന അവിവാഹിതയും തൊഴിൽരഹിതയുമായ വ്യക്തിയാണെന്നും സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈ കേസ് മറ്റൊന്നിനും ഒരു കീഴ്വഴക്കമാകില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 7 പ്രകാരം കെ.എസ്.ആർ ഭാഗം III ചട്ടം 90 (6)-ൽ ഇളവ് വരുത്തി ശ്രീ. ഗോവിന്ദരാജനെ മാത്രം ആശ്രയിച്ച് കഴിയുന്ന; മാനസിക വെല്ലുവിളി നേരിടുന്ന; അവിവാഹിതയും തൊഴിൽരഹിതയുമായ; ടിയാന്റെ സഹോദരി ശ്രീമതി. പാർവ്വതി.എസ്-നു, ഒരു പ്രത്യേക കേസായി ശ്രീ. ഗോവിന്ദരാജന്റെ മരണശേഷം ടിയാന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ**

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :- 1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരളം, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം.
4. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ.
5. ശ്രീ. ഗോവിന്ദരാജൻ.വി, സരസ്വതി ബിൽഡിംഗ്, തിരുവമ്പാടി, അമ്പലപ്പുഴ, ആലപ്പുഴ.
6. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3411, തീയതി 17.12.2025).
7. ധനകാര്യ (പെൻഷൻ-എ) വകുപ്പ്.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in.
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-2165536).

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 17-12-2025

ഫയൽ നം. 2165536/പെൻ-ബി4/2022/ധന. ഇനം നം: 3411

വിഷയം : ധനകാര്യ വകുപ്പ് - അവിവാഹിതനായ പെൻഷണർ ശ്രീ. ഗോവിന്ദരാജന്റെ സ്വന്തം സഹോദരിയായ ശ്രീമതി. പാർവ്വതി.എസ്-ന് ('സ്കീസോഫ്രീനിയ' എന്ന മാരകരോഗമുള്ള മാനസിക വെല്ലുവിളി നേരിടുന്ന ആൾ) കുടുംബ പെൻഷൻ അനുവദിക്കുന്നത്.

തീരുമാനം : "സ്കീസോഫ്രീനിയ എന്ന" വാക്കുകൾ ഒഴിവാക്കി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

3411

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 2165536/പെൻ-ബി4/2022-ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | അവിവാഹിതനായ പെൻഷണർ ശ്രീ ഗോവിന്ദരാജന്റെ സ്വന്തം സഹോദരിയായ ശ്രീമതി പാർവ്വതി എസ് -ന് *[സ്കീസോഫ്രീനിയ' എന്ന മാരകരോഗമുള്ള മാനസിക വെല്ലുവിളി നേരിടുന്ന ആൾ]* കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23/09/2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. വി. അജയകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ജ്യോതിലാൽ കെ ആർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/10/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/11/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/11/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17/11/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അവിവാഹിതനായ പെൻഷണർ ശ്രീ. ഗോവിന്ദരാജന്റെ സ്വന്തം സഹോദരിയായ ശ്രീമതി പാർവ്വതി എസ് -ന് *[സ്കീസോഫ്രീനിയ' എന്ന മാരകരോഗമുള്ള മാനസിക വെല്ലുവിളി നേരിടുന്ന ആൾ ]* കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. അവിവാഹിതനായ പെൻഷണർ ശ്രീ. ഗോവിന്ദരാജന്റെ സ്വന്തം സഹോദരിയായ സ്കീസോഫ്രീനിയ' എന്ന മാരകരോഗമുള്ള മാനസിക വെല്ലുവിളി നേരിടുന്ന പാർവതി എസ് -ന് തന്റെ മരണശേഷം കുടുംബപെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗോവിന്ദരാജൻ അപേക്ഷ സമർപ്പിച്ചിരുന്നു.

3. കേരള സർവീസ് ചട്ടങ്ങൾ പ്രകാരം കുടുംബ പെൻഷന് അർഹതയുള്ള കുടുംബാംഗങ്ങളെ സംബന്ധിച്ച വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത് കെ.എസ്.ആർ ഭാഗം III ചട്ടം 90 (6) ലാണ്. അതിൻപ്രകാരം കുടുംബത്തിന്റെ നിർവചനം ചുവടെ ചേർക്കുന്നു-

" (6) Family' for purposes of those rules means the following relatives of the employee, namely

(a) wife in the case of a male employee

(b) husband in the case of a female employee,

(c) **Eldest eligible son/daughter (in the order of seniority) till marriage or till attaining the age of 25 years or till he/she gets employed, whichever is earlier.

(d) Children suffering from physical/mental disorder or disability

(e) Unmarried daughters above 25 years.

(f) Son/daughter adopted legally before retirement

(g) Parents (in equal shares)

(h) Judicially separated wife

(i) Judicially separated husband.

(j) Disabled divorced daughter

(k) Widowed disabled daughter "

4. 'കെ.എസ്.ആർ ഭാഗം III ചട്ടം 90 (6) - ലെ "കുടുംബം" എന്ന നിർവചനത്തിൽ സഹോദരി ഉൾപ്പെടാത്തതിനാലും ശ്രീ. ഗോവിന്ദരാജന്റെ സഹോദരിക്ക് പ്രത്യേക പരിഗണനയുടെയോ മാനുഷിക പരിഗണനയുടെയോ പേരിൽ കുടുംബ പെൻഷൻ നൽകിയാൽ അത് മോശമായ കീഴ് വഴക്കമായി മാറുമെന്നതിനാലും സമാന ആൾക്കാർ ഈ ആനുകൂല്യത്തിനായി കോടതിയെ സമീപിക്കുമെന്നതിനാലും ശ്രീ. ഗോവിന്ദരാജന്റെ ആവശ്യം അനുകൂലമായി പരിഗണിക്കുവാൻ നിർവാഹമില്ലാത്തതാണ്. ബഹു. ധനകാര്യ മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ശ്രീ. ഗോവിന്ദരാജിന്റെ അപേക്ഷ പ്രത്യേക പരിഗണന അർഹിക്കുന്ന അപൂർവ്വമായ ഒന്നാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും എന്ന് രേഖപ്പെടുത്തി ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തു. ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ നിരാലംബയായി പോകാവുന്ന ഒരു സഹോദരിയുടെ ജീവിതത്തിന് നീതി ഉറപ്പാക്കാൻ ഉതകുന്നവിധം നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുക എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

5. ടി വിഷയത്തിൽ നിയമ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം നൽകുകയുണ്ടായി :

കേരള സർവീസ് ചട്ടങ്ങൾ പ്രകാരം കുടുംബ പെൻഷന് അർഹതയുള്ള കുടുംബാംഗങ്ങളെ സംബന്ധിച്ച വ്യവസ്ഥ ഉൾക്കൊള്ളുന്നത് *കെ.എസ്.ആർ ഭാഗം III ചട്ടം 90 (6) ലാണ് അതിൻപ്രകാരം കുടുംബത്തിന്റെ നിർവചനം ചുവടെ ചേർക്കുന്നു-*

**" (6) Family' for purposes of those rules means the following relatives of the employee,namely**

**(a) wife in the case of a male employee**

**(b) husband in the case of a female employee,**

**(c) **Eldest eligible son/daughter (in the order of seniority) till marriage or till attaining the age of 25 years or till he/she gets employed, whichever is earlier.**

**(d) Children suffering from physical/mental disorder or disability**

**(e) Unmarried daughters above 25 years.**

**(f) Son/daughter adopted legally before retirement**

**(g) Parents (in equal shares)**

(h) Judicially separated wife

(i) Judicially separated husband.

*(j) Disabled divorced daughter

*(k) Widowed disabled daughter "

കെ.എസ്.ആർ ഭാഗം III ചട്ടം 90(6)-ലെ 'കുടുംബം' എന്ന പദത്തിന്റെ നിർവചനത്തിൽ അവിവാഹിതയായ സഹോദരി ഉൾപ്പെടുന്നില്ല. എന്നാൽ കെ.എസ്.ആർ Part-1, ചട്ടം 7 പ്രകാരം KSR-ന് കീഴിലുള്ള ഏതെങ്കിലും ചട്ടത്തിന്റെ പ്രയോഗം ഏതെങ്കിലും പ്രത്യേക കേസിൽ അനാവശ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ, special case ആയി പരിഗണിച്ച് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന് ഇളവ് നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനാൽ, കൈവശ ഫയലിലെ വിഷയത്തിൽ, ശ്രീ ഗോവിന്ദരാജന്റെ മരണശേഷം ഫാമിലി പെൻഷൻ ലഭിക്കുന്നതിന് ടിയാനെ മാത്രം ആശ്രയിച്ചു കഴിയുന്ന, "സ്കീസോഫ്രീനിയ" എന്ന മാനസിക വെല്ലുവിളി നേരിടുന്ന, സഹോദരിയായ ശ്രീമതി പാർവ്വതി എസ് നെ, KSR Part I - Rule 7 അനുസരിച്ച് ചട്ടങ്ങളിൽ ഇളവ് നൽകി, നോമിനിയാക്കി സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കണമെന്ന ശ്രീ ഗോവിന്ദരാജന്റെ അപേക്ഷയിൽ ഭരണ വകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

6. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോവിന്ദരാജന്റെ സഹോദരിക്ക് കുടുംബപെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ബഹു. മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കെ.എസ്.ആർ ഭാഗം III ചട്ടം 90 (6)-ൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇത് ഒരു കീഴ്‌വഴക്കമാകില്ലായെന്ന് വ്യവസ്ഥയിൽ ശ്രീ ഗോവിന്ദരാജന്റെ മരണശേഷം ടിയാനെ മാത്രം ആശ്രയിച്ചു കഴിയുന്ന, "സ്കീസോഫ്രീനിയ" എന്ന മാനസിക വെല്ലുവിളി നേരിടുന്ന, സഹോദരിയായ ശ്രീമതി പാർവ്വതി എസ് - ന് ടിയാന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?